# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026




# <u>ജി.എച്ച്.എസ്.എസ്</u>
# <u>ആദിച്ചനല്ലൂർ</u>

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ  ജില്ല | : കൊല്ലം |
| സ്കൂൾ കോഡ് | : 410005 |
| സ്കൂളിന്റെ പേര് | : ജി .എച്ച് .എസ് .എസ് . ആദിച്ചനല്ലൂർ |
| മേൽ വിലാസം | : ജി .എച്ച് .എസ് .എസ് . ആദിച്ചനല്ലൂർ, വെളിച്ചിക്കാല ,കൊല്ലം |
| പിൻ കോഡ് | : 691573 |
| ഫോൺ നമ്പർ | : 0474-2592302 |
| ഇമെയിൽ അഡ്രസ് | : 410005klm@gmail.com |
| ഗ്രാമ പഞ്ചായത്ത് | : ആദിച്ചനല്ലൂർ |
| വിദ്യാഭ്യാസ ജില്ല | : കൊല്ലം |
| സബ് ജില്ല | : ചാത്തന്നൂർ |
| ക്ലാസുകൾ | : 8 മുതൽ 12 വരെ |
| മാനേജ്മെന്റ് | : ഗവൺമെന്റ് |
| പഠന മാധ്യമം | : ഇംഗ്ലീഷ് , മലയാളം |

# ആമുഖം

ക്രിസ്തുവർഷം 1968 ജൂൺ മാസം മൂന്നാം തീയതി ആദരണീയനായ പി രവീന്ദ്രൻ എം എൽ എ ഭദ്രദീപം തെളിയിച്ച് പ്രവർത്തനം കുറിച്ച അക്ഷര ക്ഷേത്രമാണിത്. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കൊട്ടിയം സദാശിവൻ അവർകളാണ് ഈ വിദ്യാലയത്തിൻറെ സ്ഥാപക നേതാവ്. സാമൂഹിക പിന്നോക്ക അവസ്ഥ ഏറെയുള്ള പ്രദേശമാണ് ആദിച്ചനല്ലൂർ.ഈ പ്രദേശത്ത് ഒരു ഹൈസ്കൂൾ ഇല്ലാതിരുന്നതും അധ്യയനത്തിനായി ഏറെ ദൂരം പോകേണ്ടി വന്നതും ഇത്തിക്കരയാറ്റിൽ വഞ്ചിമറിഞ്ഞ് അനേകം വിദ്യാർത്ഥികൾ ദാരുണമായി മരണമടഞ്ഞതുമായ സംഭവങ്ങളാണ് പഞ്ചായത്ത് ഹൈസ്കൂൾ എന്ന ഈ വിദ്യാലയത്തിൻറെ ആരംഭത്തിന് വഴിയൊരുക്കിയത്.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൻറെ ഏഴാം വാർഡിൽ നിലകൊള്ളുന്ന ഈ സ്കൂൾ ഇന്ന് ഒരു ഗവൺമെൻറ് സ്കൂളാണ്. ആദിച്ചനല്ലൂർ, പ്ലാക്കാട്, വെളിച്ചിക്കാല, മുട്ടക്കാവ്, കുണ്ടുമൺ, കൈതക്കുഴി എന്നീ പ്രദേശങ്ങളിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ എത്തുന്നത്.

# ലക്ഷ്യങ്ങൾ

ഭൗതിക സാഹചര്യങ്ങൾ പരിമിതമായ ഈ സ്കൂളിൻറെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനോടൊപ്പം, അക്കാദമിക മികവുകൾ ലക്ഷ്യമിട്ടുകൊണ്ട് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി സ്കൂളിലെ എല്ലാ കുട്ടികളെയും എല്ലാ വിഷയങ്ങളിലും ബി പ്ലസ് ലെവലിന് മുകളിൽ എത്തിക്കുന്നതിനോടൊപ്പം "**ഗിഫ്റ്റഡ് ചിൽഡ്രൻ** "ആയിട്ടുള്ള കുട്ടികൾക്ക് ഗവേഷണാത്മക പഠനത്തിലൂടെ (YIP,INSPIRE) സമൂഹത്തിന് മുതൽക്കൂട്ടാകുന്ന വിധം വർത്തിക്കുവാൻ പ്രാപ്തരാക്കുന്നു.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം

2. ഗണിതശേഷി വികസനം

3.ഇംഗ്ലീഷ് പഠന പരിപോഷണം

4.ശാസ്ത്രപോഷണ പരിപാടി

5.വായനാ പരിപോഷണം

6.ജൈവ വൈവിധ്യ പാർക്ക്

7.സാഹിത്യ പോഷണ പരിപാടികൾ

8.പഠന യാത്രകൾ

9.കലാകായിക മേള

10.ഐ .ടി പരിശീലനം

11. കായിക പഠനം

12.പ്രവർത്തി പരിചയ പഠനം

13. .ദിനാചരണങ്ങൾ

14.പച്ചക്കറിത്തോട്ടം

15.മെഡിക്കൽ ക്യാമ്പ്

16.പോഷകാഹാര പരിപാടി

17.ടേം മൂല്യ നിർണയം,നിരന്തര മൂല്യനിർണയം

# സമർപ്പണം

പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുവാൻ കേരള സർക്കാർ നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിക്ക് പൊതുവിദ്യാലയങ്ങളെ ഉണർവിൻറെ പാതയിൽ എത്തിക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല. വിദ്യാലയങ്ങളെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം ഉയർത്തി പൊതുസമൂഹത്തിൻറെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു. പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുക, ശക്തിപ്പെടുത്തുക, വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ചാത്തന്നൂർ എം എൽ എ ശ്രീ. ജയലാൽ, കൊല്ലം ഡി.ഡി.ഇ,ഡി.ഇ.ഒ ,എ.ഇ.ഒ, വിദ്യാഭ്യാസ വകുപ്പിലെ മറ്റു ഉദ്യോഗസ്ഥർ എന്നിവർക്ക് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

വിദ്യാലയ വികസന ശില്പശാല, ഏകദിന വികസന സെമിനാർ തുടങ്ങിയ വിവിധ തലങ്ങളിൽ നടന്ന ചർച്ചയിലൂടെ സമ്പുഷ്ടമാക്കപ്പെട്ടതാണ് ഞങ്ങളുടെ സ്കൂളിൻറെ "**സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിരേഖ** ". ഇത് വിദ്യാഭ്യാസ വകുപ്പിൻറെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ 2025-2026 നകം ഈ സ്കൂളിലെ മുഴുവൻ കുട്ടികളെയും ബി-പ്ലസ് ലെവലിനു മുകളിൽ എത്തിക്കുവാൻ കഴിയുമെന്ന വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

വൃന്ദ പി<br>
പ്രഥമാധ്യാപിക<br>
ഗവ. എച്ച് എസ് എസ് ആദിച്ചനല്ലൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -2026

## മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| * | മലയാളം അനായാസം വായിക്കാനും എഴുതാനും ഉള്ള കഴിവ് വളർത്തിയെടുക്കുക | മുന്നറിവ് പരിശോധിക്കാൻ പ്രീ ടെസ്റ്റ്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പാക്കൽ.<br>എഴുത്തു പരിശീലനം . | ജൂൺ | ഭാഷ അധ്യാപകൻ | പിടിഎ. |
| * | വായനയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുവാൻ ക്ലാസുകളിൽ | പിറന്നാളിനൊരു പുസ്തകം.<br>സ്കൂൾ ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം<br>.വായനാക്കുറിപ്പ് തയ്യാറാക്കൽ | ഒരു വർഷം | ഭാഷ അധ്യാപകൻ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | സാഹചര്യം ഒരുക്കൽ | | | | |
| * | എഴുത്തിലൂടെ വികസിപ്പിക്കുക. | ശില്പശാലകൾ - സെമിനാർ ചുമർപത്രിക,Documentation . പതിപ്പ് നിർമ്മാണം | ജൂലൈ - ആഗസ്റ്റ് | ഭാഷ അധ്യാപകൻ , ലിറ്റൽ കൈറ്റ്സ് | സ്റ്റാഫ് ഫണ്ട് |
| * | സാഹിത്യ പഠന യാത്ര | യാത്രാനുഭവം കുറിപ്പ് തയ്യാറാക്കൽ ,പതിപ്പ് നിർമ്മാണം | സെപ്റ്റംബർ | ഭാഷ അധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| * | വായനക്കൂട്ടം - പുസ്തക ചർച്ച | പുസ്തക പ്രദർശനം ,പോസ്റ്റർ തയ്യാറാക്കൽ വീഡിയോ പ്രദർശനം . | ഒക്ടോബർ | ഭാഷ അധ്യാപകൻ | പിടിഎ. |

| | | | | | |
|---|---|---|---|---|---|
| * | കുട്ടികളുടെ സർഗ്ഗ ശേഷി പരിപോഷിപ്പിക്കാനും എഴുത്തുകാരെ പരിചയപ്പെടാനും | കഥ കവിത - ശില്പശാലകൾ ആസ്വാദനം തയ്യാറാക്കൽ | നവംബർ - ഡിസംബർ | ഭാഷ അധ്യാപകൻ | സ്റ്റാഫ് ഫണ്ട്,SRG |
| * | കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും വികസിപ്പിക്കുന്നതിന് | ക്ലാസ് ലൈബ്രറിയും വായനാമൂലയും | വർഷം മുഴുവനും | ഭാഷ അധ്യാപകൻ | സ്റ്റാഫ് ഫണ്ട്,SRG, PTA |

# GHSS Adichanalloor Academic Master Plan 2025-2026

## ENGLISH

| Sl. no | Name of Programme | Aims | Activities | Duration | In Charge | Financial Support |
|---|---|---|---|---|---|---|
| 1. | **English Club** | • To Improve Communication Skills.<br>• To foster confidence in public speaking.<br>• To promote team work and leadership.<br>• To familiarise with the use of ICT.<br>• To connect language learning to real life. | Conducting and coordinating various activities.<br>1. **Environment Day (June 5)** Speech and Essay writing<br>**2. Reading Day (June 19)** Caption Writing Challenge, Book Talk Podcast, Review a Book-Challenge<br>**3. Anti-Drug abuse Day (June 26)** Panel Discussion, Essay Writing, Slogan making | Academic Year | English Teachers | PTA |

| | | | | | | |
|---|---|---|---|---|---|---|
| | | | **4. Moon Day (July 21)**<br>Moon Landing News Report, Moon Haiku Poetry<br>5. **Hiroshima Day and Nagasaki day (August 6 and August 9)**<br>Peace Poetry Competition, Wall of Hope<br>**6. Independence Day (August 15)**<br>Letter to Freedom Fighters, Speech, Patriotic Poetry<br><br>**7. International Literacy Day (September 8)**<br>“Teach One” Story Contest, Poetry Contest “Words that builds Worlds”, Recitation | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | 8. **World Student's Day (October 15)** Digital Poster Making, Letter to Dr. APJ Abdul Kalam<br>9. **Children's Day (November14)** Children's day News Paper, My Super Power as a Child<br><br>10. **International Day of Persons with Disabilities (December 3)** Poetry Contest, Roleplay- Students portray individuals with disabilities who've made a difference (e.g., Helen Keller, Stephen Hawking Srikanth Bolla) | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | 11. **Republic day (January 26)**<br>Republic day newspaper, Speech | | | |
| 2. | **Buddy Benchers**<br>(a peer-powered zone where learning is inclusive, patient, and full of mutual support. Whether you're catching up or lifting someone else, this bench always has space for one more) | • To help slow learners<br>• To improve their LSRW skills<br>• To encourage the helpers to understand collaborative learning as well as inclusiveness. | • Selected peer students helping fellow students in learning the language through solving carefully created worksheets and materials. | Whole year<br>(During Class hours and Evenings) | English Teachers | English Teachers |

| | | | | | | |
|---|---|---|---|---|---|---|
| 3. | **English Assembly** | • To foster confidence in public speaking<br>• To eliminate hesitation in speaking English<br>• To nurture leadership skills. | Address the gathering in English, organising events, Preparing scripts and news in English | Once in a week | English teachers and Class Teachers | PTA&Staff |
| 4. | **English Magazine** | • To encourage creative expression<br>• To cultivate a love for Literature<br>• To promote teamwork and leadership | Essays, Stories, Poetry, Poster Making, Cartoons, Interview, Reviews etc | Whole Academic Year and Publish in February | English teachers | English teachers |

| | | | | | | |
|---|---|---|---|---|---|---|
| 5. | **English Fest** | • To promote language proficiency, enhance creativity & expression<br>• To foster teamwork & collaboration<br>• To make learning joyful & experiential<br>• To spotlight talent | Recitation, Essay, Poetry, Story Writing, Speech, Quiz, Creative Skits and Choreographed Acts Based on Prescribed Lessons. | February | English teachers | PTA&Staff |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -2026

## അറബിക്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| * | അറബി അനായാസം വായിക്കാനും എഴുതാനും ഉള്ള കഴിവ് വളർത്തിയെടുക്കുക. | മുന്നറിവ് പരിശോധിക്കാൻ പ്രീ ടെസ്റ്റ്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പാക്കൽ. എഴുത്തു പരിശീലനം .അറബി നിഘണ്ടുവിലെ പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ. | ജൂൺ, ജൂലൈ | ഭാഷ അധ്യാപകൻ | പിടിഎ,SRG |
| * | വായനയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുവാൻ ക്ലാസുകളിൽ സാഹചര്യം ഒരുക്കൽ | സ്കൂൾതല വായന മത്സരം . സ്കൂൾ ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം | നാലുമാസം . | ഭാഷ അധ്യാപകൻ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | .വായനാക്കുറിപ്പ് തയ്യാറാക്കൽ | | | |
| * | എഴുത്തിലൂടെ അറബി വികസിപ്പിക്കുക. | കൈയ്യെഴുത്ത് മത്സരം ചുമർപത്രിക ഒരുക്കൽ . പതിപ്പ് നിർമ്മാണം | ഒരു വർഷം | ഭാഷ അധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| * | അറബി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | C.D, വീഡിയോ പ്രദർശനം ലാംഗ്വേജ് ഫലപ്രദമായി ഉപയോഗിക്കൽ. | ജൂൺ | ഭാഷ അധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| * | ഡിസംബർ 18 അറബി ഭാഷാ ദിനം സമുചിതമായി ആഘോഷിക്കൽ | സെമിനാർ പുസ്തക പ്രദർശനം ,പോസ്റ്റർ വീഡിയോ പ്രദർശനം | | ഭാഷ അധ്യാപകൻ | പിടിഎ. |

| | | | | | |
|---|---|---|---|---|---|
| | | .ക്വിസ് റാലി മുതലായവ | ഡിസംബർ | | |
| * | അറബിയിലെ പിന്നോക്കക്കാരെ മുഖ്യധാരയിൽ എത്തിക്കൽ | അധികസമയ ക്ലാസ് മോട്ടിവേഷൻ പരിഹാരബോധനം | ആഴ്ചയിൽ രണ്ട് | ഭാഷ അധ്യാപകൻ | സ്റ്റാഫ് ഫണ്ട്,SRG |

# Academic Master Plan

## Hindi

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|---|
| • | അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | June | ഹിന്ദി അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട്<br>സ്റ്റാഫ് ഫണ്ട്<br>സ്റ്റാഫ് ഫണ്ട് |
| • | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ | July-sep | ഹിന്ദി അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| * കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുന്നു. | വായനയ്ക്കായി നൽകുന്നു. | | | സ്റ്റാഫ് ഫണ്ട് |
| * നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു. | | തുടർപ്രവർത്തനം | | സ്റ്റാഫ് ഫണ്ട് |
| * പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. കവിത വായിച്ച ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു. | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. കവിതകഥ പൂരിപ്പിക്കുവാൻ നൽകുന്നു സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കാൻ പറയുന്നു. | | ഹിന്ദി അദ്ധ്യാപകർ | |
| * കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | | തുടർപ്രവർത്തനം | | |
| * സാഹിത്യ അഭിരുചി വളർത്തുന്ന ഹിന്ദി വാരാഘോഷ | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. | | | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു<br><br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു<br><br>ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു<br>സ്വഭാവസവിശേഷതകൾ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു.<br>ഡയറി എഴുതുവാൻ അറിയുന്നു.<br><br>ഹിന്ദി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക | വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസ്സിൽ പ്രദർശിപ്പിച്ച മൂല്യനിർണയം നടത്തുന്നു .ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു .<br>നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു.<br><br>പദ്യം ചൊല്ലൽ കഥാകവിത പോസ്റ്റർ നിർമ്മാണ എന്നിവ സംഘടിപ്പിക്കുന്നു.<br><br>പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി | തുടർപ്രവർത്തനം<br><br>തുടർപ്രവർത്തനം<br><br>തുടർപ്രവർത്തനം | ഹിന്ദി അദ്ധ്യാപകർ<br><br>ഹിന്ദി അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| • | | ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു<br><br>സ്കൂളിന്റെ മികവിന് ഉതകുന്ന പ്രവർത്തനങ്ങൾ അധ്യാപകരും ചേർന്ന് സംഘടിപ്പിക്കുന്നു ദിനാചരണത്തിന് ഭാഗമായി കുട്ടികൾക്ക് അധ്യാപകർക്കും മത്സരങ്ങൾ സംഘടിപ്പിക്കുന്നു . | തുടർപ്രവർത്തനം | ഹിന്ദി അദ്ധ്യാപകർ<br><br>ഹിന്ദി അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |

# ACADEMIC MASTERPLAN 2025-26

## ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാ പകർ | |
| 2 | ജനാധിപത്യം ഒരു ജീവിതശൈലി ആക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക<br>സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്കൂൾ പാർലമെന്റ് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു<br><br>സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ, കുട്ടികൾ സ്വന്ത നസ്യുകൾ |
| 3 | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4 | ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യശാസ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 5. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം പ്രോജക്ട് തുടങ്ങിയവ സിനിമ ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 6. | വ്യത്യസ്തയിനം മണ്ണിനങ്ങളെ കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് കുട്ടികളെ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ണും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |

# Academic Master Plan

## Mathematics

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|---|
| • | ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | June | ഗണിത അധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| • | ചതുഷ് ക്രിയകൾ ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കൽ | സങ്കലനം ,വ്യവകലനം ,ഗുണനം ,ഹരണം എന്നിവയുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു | July-sep | | സ്റ്റാഫ് ഫണ്ട് |
| • | നിർമ്മിതികളിലെ ശേഷി കൈവരികൽ | ജ്യാമിതീയപെട്ടി ഉപയോഗിച്ച് ,എല്ലാ കുട്ടികളിലും ,ത്രികോണം ചതുരം ,സമചതുരം ,കോണുകൾ ,ലംബ സമഭാജി ,കോൺ സമഭാജി ,വരക്കാനുള്ള ധാരണ വളർത്തുന്നപ്രവർത്തനം | തുടർപ്രവർത്തനം | ഗണിത അധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| • | ചെറിയ ക്ലാസ്സുകളിലെ തുടർപഠനം സാധ്യമായി അടിസ്ഥാനം ഉറപ്പിക്കുന്നു | ചെറിയ ക്ലാസ്സുകളിൽ പഠിച്ച ഗണിത ആശയങ്ങളിൽ വ്യക്തമായ ധാരണ കൈവരിക്കൽ | തുടർപ്രവർത്തനം | ഗണിത അധ്യാപകർ | സ്റ്റാഫ് ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| • | ഗണിതം<br>നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത ചോദ്യങ്ങൾ നൽകുന്നു . ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | തുടർപ്രവർത്തനം | ഗണിത അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -2026

## ഭൗതിക ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| * | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | ഭൗതികശാസ്ത്ര തത്വങ്ങൾ പരീക്ഷണ പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കി പുതിയ പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തല്പരരാക്കുക. | പഠന കാലഘട്ടം ( 8-10 ക്ലാസ്) | സയൻസ് അധ്യാപകർ സയൻസ് ക്ലബ് | പിടിഎ സയൻസ് ക്ലബ് |
| * | ശാസ്ത്രമേളയിൽ ഭൗതികശാസ്ത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുക . | സ്കൂൾതല എക്സിബിഷൻ ,ഭൗതികശാസ്ത്രത്തിൽ കൂടുതൽ പ്രാധാന്യം നൽകുക ശാസ്ത്രമേളയിൽ കൂടുതൽ കുട്ടികളുടെ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | പങ്കാളിത്തം ഉറപ്പുവരുത്തുക. | | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| * | ഭൗതിക ശാസ്ത്രത്തോടു കുട്ടികളിൽ താൽപര്യം വർദ്ധിപ്പിക്കുക. | ശാസ്ത്ര മാസികയുടെ നിർമ്മാണം, ഭൗതികശാസ്ത്ര ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ, പരീക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഭൗതികശാസ്ത്രത്തോട് കുട്ടികൾക്ക് താൽപര്യം വർദ്ധിപ്പിക്കുക | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ് |
| * | ശാസ്ത്ര ലാബ് ഭൗതികശാസ്ത്ര ലാബ് നവീകരിക്കുക. പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രഹികൾ ഉൾപ്പെടുത്തുക . | പരിഷ്കരിച്ച പാഠ പുസ്തകത്തിലെ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ എല്ലാ ഉപകരണങ്ങളും ഉറപ്പാക്കുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| * | ഭൗതികശാസ്ത്ര അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കുക | പുതിയ സാങ്കേതികവിദ്യയിലൂടെയും, പുതിയ കണ്ടെത്തലുകൾ മനസ്സിലാക്കിയും ശാസ്ത്ര മത്സരങ്ങളിൽ കഴിയുന്നത്ര പങ്കാളിത്തത്തിനുള്ള പ്രോത്സാഹനം നൽകിയും ശാസ്ത്ര ഗവേഷണത്തിൽ തൽപരരാക്കുകയും ചെയ്യുക . | വർഷത്തിൽ 2 തവണ | ശാസ്ത്ര അധ്യാപകൻ . സയൻസ് ക്ലബ് | പിടിഎ. |
| * | ഭൗതികശാസ്ത്രത്തിൽ പഠന പിന്നോക്ക അവസ്ഥയിലുള്ള കുട്ടികളെ മുൻപന്തിയിൽ കൊണ്ടുവരുക | ഓരോ ക്ലാസിലും ഭൗതികശാസ്ത്ര വിഷയത്തിൽ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധികസമയം കണ്ടെത്തി കുട്ടികൾക്ക് പഠന പിന്തുണ നൽകി മുൻപന്തിയിലേക്ക് കൊണ്ടുവരിക | ഓരോ അധ്യയന വർഷവും | ശാസ്ത്ര അധ്യാപകൻ | ശാസ്ത്ര അധ്യാപകൻ |

# Academic Master Plan

## Chemistry

| | ലക്ഷ്യങ്ങൾ | പ്രവർത്തങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|---|
| * | കൗതുകം ,ജിജ്ഞാസ ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു | June | രസതന്ത്രം അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട്<br>സ്റ്റാഫ് ഫണ്ട് |
| | | മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു | July-sep | രസതന്ത്രം അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| | | ക്ലാസ്സുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദികളിൽ അവതരിപ്പിക്കുന്നു | | | സ്റ്റാഫ് ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| • | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | തുടർപ്രവർത്തനം | രസതന്ത്രം അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| | | ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്നു | തുടർപ്രവർത്തനം | | |
| • | ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് കെമിസ്ട്രി,ബൈയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | തുടർപ്രവർത്തനം | രസതന്ത്രം അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| • | ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | തുടർപ്രവർത്തനം | രസതന്ത്രം അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്സ് | തുടർപ്രവർത്തനം | | സ്റ്റാഫ് ഫണ്ട് |
| • അനേഷണം ,തൃഷ്ണ വർധിപ്പിക്കൽ | സംസ്ഥാന ദേശീയ തലത്തിൽ ഉള്ള ക്വിസ് സെമിനാർ ,പ്രൊജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു . | | | സ്റ്റാഫ് ഫണ്ട് |
| • ശാസ്ത്രഭിരുചി വളർത്തൽ | പഠന യാത്രകൾ ഇൻഡസ്ട്രിയൽ വിസിറ്റ് , | തുടർപ്രവർത്തനം | രസതന്ത്രം അദ്ധ്യാപകർ | |
| • രസതന്ത്രത്തിൽ പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകൻ-കുട്ടി ,കുട്ടി -കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | | രസതന്ത്രം അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -2026
## ജീവശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| * | പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ ,പോസ്റ്റർ മത്സരം | June 5 | ഇക്കോ ക്ലബ് | പിടിഎ സയൻസ് ക്ലബ് |
| * | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം | July | സയൻസ് അധ്യാപകർ | സ്കൂൾ അധ്യാപക ഫണ്ട് |
| * | ജൈവവൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ ജന്തു പട്ടിക തയ്യാറാക്കൽ | August | സയൻസ് ക്ലബ് | പിടിഎ |
| * | പരിസ്ഥിതി പഠനാനുഭവം | ഫീൽഡ് സ്റ്റഡി | September | ഇക്കോ ക്ലബ് സയൻസ് ക്ലബ് | സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| * | അറിവ് മികവ് പരിക്ഷിക്കൽ | സ്കൂൾതല ക്വിസ് | October | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| * | ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്രമേള<br>ശാസ്ത്ര ക്വിസ്<br>മോഡൽ നിർമ്മാണം | തുടർ പ്രവർത്തനം | ശാസ്ത്ര അധ്യാപകൻ | പിടിഎ, SMC |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -2026

## കായികം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | മികച്ച കായിക താരങ്ങളെ സൃഷ്ടിക്കുക<br><br>കായിക മത്സരങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് മത്സരങ്ങളിൽ വിജയിച്ചാൽ ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ചുള്ള ധാരണ | 1.സെലക്ഷൻ ട്രയൽ<br><br>2. അത്ലറ്റിക്സ് പരിശീലിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളെ കുറിച്ച് വിശദീകരിക്കുക.<br><br>3. അത്ലറ്റിക്സ്ൻറെ ഗുണങ്ങളെ കുറിച്ച് ചർച്ച നടത്തുന്നു (റണ്ണിങ് ജമ്പിങ് , ത്രോയിങ്)<br><br>4. അത്ലറ്റുകളായ ഓരോ കുട്ടികളുടെയും അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു | വർഷം മുഴുവനും | ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ | സ്റ്റാഫ് ഫണ്ട്,SRG, PTA(Rs.50,000) |